(i) ഗവേഷകർക്കും നൂതന ആശയങ്ങളുടെ ഉപജ്ഞാതാക്കൾക്കും ഊർജ്ജ സംരക്ഷണത്തിനും നവീന ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിനും ചെലവു കുറഞ്ഞതും സമയബന്ധിതവും കാര്യക്ഷമവുമായ വൈദ്യുതി ഉത്പാദനത്തിനുതകുന്ന ഇതര വഴികളുടെ വികസനത്തിനും വേണ്ടി ആവശ്യമായ സ്ഥലം ഒരുക്കുക.

(ii) ഊർജ്ജ ലഭ്യതയുടെ പരിമിതിക്ക് പരിഹാരം (സംസ്ഥാന/രാജ്യ/ലോകതലങ്ങളിൽ) കാണുന്നതിനുള്ള ഗവേഷണം പ്രോൽസാഹിപ്പിക്കുക.

(iii) ചെറുകിട/വൻകിട സംരംഭകരെ ഈ മേഖലയിലേക്ക് പങ്കെടുപ്പിച്ച് ഈ പദ്ധതിക്ക് വേണ്ട പ്രചാരം കിട്ടാനും ഭാവി വിപുലീകരണത്തിനും ഉതകുന്ന തരത്തിലുള്ള പിന്തുണ നൽകുക.

(iv) പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ നേതൃസ്ഥാനത്ത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ പൊതു സാമൂഹ്യ മാധ്യമങ്ങളിലൂടെ ഉയർത്തിക്കാട്ടുക.

(v) വൈദ്യുതി മേഖലയുമായി ചേർന്ന് പ്രായോഗിക പരിജ്ഞാനം ലഭ്യമാകുന്നതരത്തിൽ സ്റ്റാർട്ടപ്പ് വില്ലേജിനെ ഉപയോഗപ്പെടുത്തുകയും ഊർജ്ജ അവബോധമുള്ള ഒരു ജനതയെ വാർത്തെടുക്കുകയും ചെയ്യുക.

(സി) സംസ്ഥാന സർക്കാരിന്റെ 12-6-2013-ലെ ഉത്തരവ് പ്രകാരം എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തന ചെലവുകൾക്കായി ഇന്നവേഷൻ ഫണ്ടിൽ നിന്നും അമ്പതു ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനാനുമതി നൽകുകയും ചെയ്തു. ഇതിന്റെ നടത്തിപ്പിനായും സ്റ്റാർട്ടപ്പ് വില്ലേജ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി ധാരണാപത്രവും കരാറും ഒപ്പുവച്ചു പ്രസ്തുത കരാറിന്റെ കാലാവധി 31-7-2015-ൽ അവസാനിച്ചു. സ്റ്റാർട്ടപ്പ് വില്ലേജ് വഴി നടത്തിയിരുന്ന പ്രവർത്തനങ്ങൾ ഇനി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ട് നടപ്പിലാക്കാൻ ആലോചിച്ച് വരുന്നു.

വൈദ്യുത ലൈനുകളിൽ തട്ടിയുള്ള മരണം

52 (419) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറുകളുടെയും തോടുകളുടെയും കുറുകെ താഴ്ന്ന കിടക്കുന്ന വൈദ്യുത ലൈനുകളിൽ തട്ടി ഹൗസ് ബോട്ടുകളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾ ഉൾപ്പെടെ ഷോക്കേറ്റ് മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ലൈനുകൾ A പോളുകൾ സ്ഥാപിച്ച് ഉയർത്തുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹൗസ് ബോട്ടിൽ സഞ്ചരിച്ചിരുന്ന വിനോദസഞ്ചാരികൾ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അത് കൈൻ താഴുകിടന്നിരുന്നത് മൂലമായിരുന്നില്ല.

(ബി) രാജാപുരം കായൽ തെക്കേ ആറായിരം ക്രോസിംഗ്, കൊച്ചാർ ക്രോസ്സിംഗ്, മംഗളം കായൽ ക്രോസ്സിംഗ്, മതികായാൽ ക്രോസ്സിംഗ് എന്നിവിടങ്ങളിൽ കൈനകളിൽ 'A' പോളുകൾ സ്ഥാപിച്ച് ഉയർത്തിയിട്ടുണ്ട്. താഴ്ന കിടക്കുന്ന കൈനകൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതമായ അകലം പാലിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലംകോട് ഓവർസീയർ ഓഫീസ്

53 (420) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലംകോട് ഇലക്ട്രിസിറ്റി ബോർഡ് ഓവർസീയർ ഓഫീസിൽ കറന്റ് ചാർജ്ജ് അടയ്ക്കുവാൻ സൗകര്യമൊരുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) മൂന്ന് ഗ്രാമപഞ്ചായത്തുകൾക്ക് ഉണകരമാകുന്ന പ്രസ്തുത സൗകര്യം എത്രയും വേഗം നടപ്പിലാക്കാമോ ;

(സി) ആലംകോട് ഓവർസീയർ ഓഫീസ്, സെക്ഷൻ ഓഫീസാക്കി ഉയർത്തുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിൽ വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിന് സെക്ഷൻ ഓഫീസുകൾ, കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടത്തുന്ന കളക്ഷൻ സെന്ററുകൾ എന്നിവയ്ക്ക് പുറമേ ഫ്രണ്ട്സ് ജനസേവന കേന്ദ്രം/അക്ഷയ സെന്ററുകൾ എന്നിവിടങ്ങളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റ് സംവിധാനം ഉപയോഗപ്പെടുത്തി കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്കും ഓൺലൈനായി വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം വൈദ്യുതി ബോർഡ് ലിമിറ്റഡ് നൽകുന്നുണ്ട്. ഇതിനാൽ സെക്ഷൻ ഓഫീസിൽ പോകാതെ തന്നെ ഉപഭോക്താക്കൾക്ക് ബിൽ തുക അടയ്ക്കാൻ സാധിക്കും. കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളേയും ഇന്റർനെറ്റിലൂടെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള ജോലികൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. ഇതോടുകൂടി എല്ലാ ഉപഭോക്താക്കൾക്കും അവർക്ക് സൗകര്യപ്രദമായ സെക്ഷൻ ഓഫീസുകളിൽ പണം അടയ്ക്കുന്നതിനും സൗകര്യം ലഭിക്കുന്നതാണ്. ഈ കാരണങ്ങളാൽ ആലംകോട് ഓവർസീയർ ഓഫീസിൽ തന്നെ കറന്റ് ചാർജ്ജ് അടയ്ക്കേണ്ടതിനുള്ള ആവശ്യകത വരുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly